

FRIDAY 14-10-2022 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/10/2022.

1. തൃശ്ശൂർ ജില്ലയിലെ ചില പ്രദേശങ്ങളിൽ കഴിഞ്ഞ ദിവസം പന്നികളിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരികരിച്ചതുമായി ബന്ധപ്പെട്ട് പ്രചരിപ്പിക്കുന്ന റിപ്പോർട്ടുകളിൽ പന്നിഫാം തൊഴിലാളികളെയും, മാംസം ഭക്ഷിച്ചവരെയും ആരോഗ്യവകുപ്പ് നിരീക്ഷിച്ചു വരികയാണെന്ന വാർത്ത പൊതുജനങ്ങളുടെയും പന്നികർഷകരുടെയും ഇടയിൽ വലിയ ആശങ്ക ഉണ്ടാക്കിയിരിക്കുകയാണ്. ഈ രോഗം ഒരു ജന്തുജന്യരോഗമല്ല. അതായത് പന്നികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന ഒരു രോഗമല്ല. യാതൊരു കാരണവശാലും പന്നികളിൽ നിന്നോ പന്നിമാംസം ഭക്ഷിച്ചതിനാലോ ഈ രോഗം പകരുന്നതല്ല. അതിനാൽ ആരോഗ്യവകുപ്പിന്റെ നിരീക്ഷണത്തിന് യാതൊരു പ്രസക്തിയും ഇല്ല. രോഗം വന്ന പന്നികളിൽ ഇത് പെട്ടെന്ന് പകരുകയും വലിയ മരണനിരക്ക് ഉണ്ടാക്കുകയും ചെയ്യുന്നതിനാലും, ഫലപ്രദമായ ചികിത്സ ലഭ്യമല്ലാത്തതിനാലും, ഫലപ്രദമായ പ്രതിരോധ വാക്സിൻ ലഭ്യമല്ലാത്തതിനാലുമാണ് രോഗം വന്ന പന്നികളെയും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പന്നികളെയും ശാസ്ത്രീയമായി കൊന്ന് നശിപ്പിക്കുന്നത്. മാത്രമല്ല, ഇവയെ പരിപാലിച്ചിരുന്ന കർഷകരെയും മറ്റും ചുറ്റുപാടുമുള്ള പന്നിഫാമുകളിൽ പോകുന്നത് നിരോധിക്കുന്നതും.

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഹോർട്ടികോർപ്പ് പുതുതായി സ്ഥാപിക്കുന്ന പരിശീലനകേന്ദ്രത്തിൽ തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി അനുബന്ധ യന്ത്ര സാമഗ്രികൾ വിതരണം ചെയ്യുന്ന വ്യക്തികൾ/ ഏജൻസികളിൽ നിന്നും അപേക്ഷകൾ ടെൻഡർ/ ക്ഷണിക്കുന്നു. ഇതേ മാസം 29-ന് (29.10.2022 നു) മുമ്പായി ടെൻഡറുകൾ സമർപ്പിക്കേണ്ടതാണ്. ടെൻഡർ സംബന്ധിച്ച വിവരങ്ങൾക്കായി https://etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് horticorphotvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0471 –2359651** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ നാളെ (15.10.2022) രാവിലെ 10 മണി മുതൽ ഒരു മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം ബ്രീഡർ ഫാമിലെ മുട്ട ഉൽപാദനം കഴിഞ്ഞതും ഏകദേശം 2.2 കിലോ ഭാരം ഉള്ളതുമായ മാതൃ പിതൃശേഖരത്തിൽപ്പെട്ട കോഴികളെ മാംസോത്പാദനത്തിനായി ഇന്നു മുതൽ സ്റ്റോക്ക് തീരുന്നത് വരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. താൽപര്യമുള്ളവർ **9495000923, 9495000915** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 1500 എണ്ണം ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് അഞ്ച് രൂപ നിരക്കിൽ ഇന്ന് (14.10.22) വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച മൃഗക്ഷേമ സംഘടനയായ Street Dog Watch Association എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ തെരുവ് നായ്ക്കളിൽ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിനായി പരിശീലനം ലഭിച്ച വെറ്ററിനറി ഡോക്ടർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഊട്ടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന World wide Veterinary Services എന്ന സ്ഥാപനത്തിൽ നിന്നും പരിശീലനം പൂർത്തിയാക്കിയവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **9746306238** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാല കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് (തടമ്പാട്ട്താഴം) **ശാസ്ത്രീയ കുറ്റികുരുമുളക് കൃഷി** എന്ന വിഷയത്തിൽ ഒക്ടോബർ 20-ന് രാവിലെ 10.30 മുതൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നതിനായി **0495 2935850, 9188223584** എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


ചെയ്യുന്ന 30 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ് ഈ മാസം 18-ന് (18/10/2022) രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്.

8. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒക്ടോബർ 17 ന് **ശീതകാല പച്ചക്കറി കൃഷി രീതികളെ**ക്കുറിച്ചുള്ള പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 17 മുതൽ 22 വരെ (ഒക്ടോബർ 17 മുതൽ 22) ആറുദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ നമ്പറുകളിൽ വിളിച്ചോ, വാട്സ്ആപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

10. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾ, പെറ്റ് ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് തുടങ്ങിയവർക്കായി ഈ മാസം 19-ന് (19 -10 -2022) രാവിലെ 10 മണി മുതൽ തമ്പാനൂർ എസ് എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിക്കുന്നു. പ്രസ്തുത സെമിനാറിൽ മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമങ്ങൾ, പഞ്ചായത്ത് രാജ് ആക്ട് അനിമൽ ബർത്ത് കൺട്രോൾ നിയമങ്ങൾ, നാട്ടാന പരിപാലന നിയമങ്ങൾ, പെറ്റ് ഷോപ്പ് നിയമങ്ങൾ, മാർക്കറ്റ് നിയമങ്ങൾ എന്നിവയെ കുറിച്ച് വിദഗ്ധർ ക്ലാസുകൾ എടുക്കുന്നു. സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 18-ന് മുമ്പായി അടുത്തുള്ള മൃഗാശുപത്രികളിലോ, **0471 2302643, 9188510042** എന്നീ ഫോൺ നമ്പരുകളിലോ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ചീഫ് വെറ്റിനറി ഓഫീസർ അറിയിച്ചു.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന

സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ഒക്ടോബർ 25 മുതൽ 27 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം